**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2966** **25-06-2024 - ൽ മറുപടിയ്ക്ക്**

**പഴശ്ശി കനാൽ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലവിഭവ വകുപ്പിന് കീഴിലുള്ള പഴശ്ശി കനാൽ പദ്ധതിയുടെ നിലവിലെ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | 2018-19 മുതൽ 2023-24 വരെയുള്ള കാലയളവിൽ ലഭ്യമായ വിവിധ ഫണ്ടുകൾ ഉപയോഗിച്ച് പഴശ്ശി പദ്ധതിയുടെ കനാലുകളുടെയും കനാൽ സ്ട്രക്ചറുകളുടെയും നവീകരണ പ്രവൃത്തികൾ നടത്തി. മെയിൻ കനാൽ ch.42/500 km ലെ പറശ്ശിനിക്കടവ് അക്വാഡക്ട് വരെയും മാഹി ബ്രാഞ്ച് കനാലിലെ ch:16/600 km വരെയും 2024 ജനുവരി 31 ന് വെള്ളം തുറന്നു വിട്ട് ടെസ്റ്റ് റൺ നടത്തിയിട്ടുണ്ട്. ടെസ്റ്റ് റണ്ണിൽ കണ്ടെത്തിയ ചിലയിടങ്ങളിലെ അപാകതകൾ പരിഹരിച്ച് ഈ കനാലിലൂടെയുള്ള ജലവിതരണം പുന:സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പഴശ്ശി കനാൽ വഴി വെള്ളം തുറന്നുവിടുന്നത് കൃഷിക്ക് ഉൾപ്പെടെ ഗുണം ചെയ്യുമോയെന്ന് വകുപ്പ് പരിശോധിച്ചിട്ടുണ്ടോ? | (ബി) | പരിശോധിച്ചിട്ടുണ്ട്. പഴശ്ശി കനാൽ മെയിൻ കനാൽ ചെയിനേജ് 42/500 km വരെയും മാഹി ബ്രാഞ്ച് കനാൽ ചെയിനേജ് 16/600 km വരെയും വെള്ളം ഒഴുകിയപ്പോൾ മണിയൂർ, പെരുമാച്ചേരി, കുറ്റ്യാട്ടൂർ, മയ്യിൽ പ്രദേശങ്ങളിലേയും മാഹി ബ്രാഞ്ച് കനാൽ ഭാഗങ്ങളായ വെങ്ങാട്, മാങ്ങാട്ടിടം ഭാഗങ്ങളിലെയും കൃഷി ഭൂമിയിൽ ജല ലഭ്യത സാധ്യമായതായി കണ്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ